**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- മെഡിക്കൽ കോളേജ് പി പി യൂണിറ്റിൽ നിന്നുള്ള തസ്തികകൾ പുനർ വിന്യസിക്കുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് സർജൻമാർക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സഉ(കൈ) നം.250/2011/ആ.കു.വ തീയതി 29.03.2011
2. കത്ത് നം. ഇ എ2-26541/18/ആ.വ.ഡ തീയതി 13.04.2018
3. ഡോ. മായാദേവി.എം സമർപ്പിച്ച അപേക്ഷ തീയതി 8.10.2018

**ഉത്തരവ് നം. ഇ.എ2-1000/18/ആ.വ.ഡ തീയതി ; 12.10.2018**

സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൻ പ്രകാരം മെഡിക്കൽ കോളേജ് പി പി യൂണിറ്റുകളിൽ ജോലി ചെയ്തു വരുന്ന, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അധികാര പരിധിയിലുള്ള ഡോക്ടർമാരെ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് പുനർ വിന്യസിച്ച് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഡോക്ടർമാർ ഇപ്പോഴും ടി സ്ഥാപനങ്ങളിൽ ജോലിയിൽ തുടരുന്നതായി ശ്രദ്ധയിൽപെട്ടതിനാൽ ടി ഡോക്ടർമാരെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഹാജരാകുവാൻ സൂചന (2) പ്രകാരമുള്ള കത്ത് പ്രകാരം അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ഡോ. മായാദേവി.എം അസിസ്റ്റന്റ് സർജൻ സൂചന (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഡോക്ടറെ **കോട്ടയം അതിരംപുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ** നിയമിച്ച് ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. മായാദേവി.എം, അസിസ്റ്റന്റ് സർജൻ

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോട്ടയം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

സീനിയർ സൂപ്രണ്ട്